LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മിഷൻ 676-ൽ ഉൾപ്പെടുത്തി വാർഷിക പദ്ധതി നിർവ്വഹണ നിരീക്ഷണത്തിന് പുതിയ പദ്ധതികൾ പ്രഖ്യാപിച്ചിട്ടില്ല. എന്നാൽ സംസ്ഥാന ആസൂത്രണ ബോർഡിന്റെ ഓൺലൈൻ പദ്ധതി നിരീക്ഷണത്തിന് നിലവിലുണ്ടായിരുന്ന സംവിധാനമായ "പ്ലാൻ സ്പേസ്" ജില്ലകളിലേക്ക് വ്യാപിപ്പിക്കുന്നതിന് മിഷൻ 676-ൽ പദ്ധതി ഉൾപ്പെടുത്തിയിരുന്നു. പ്ലാൻ സ്പേസ് ഉപയോഗിച്ച് പദ്ധതി നിർവ്വഹണത്തിൽ കൈവരിക്കുന്ന നേട്ടം എല്ലാ മാസവും വിലയിരുത്തുന്നുണ്ട്.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ബന്ധപ്പെട്ട വകുപ്പുകൾ പദ്ധതി രൂപരേഖ തയ്യാറാക്കിവരുന്നു.

(ഡി) മേൽ ദൗത്യത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളുടെ നിർവ്വഹണ പുരോഗതി ബന്ധപ്പെട്ട മന്ത്രിയും മുഖ്യമന്ത്രിയും വിലയിരുത്തുന്നതാണ്. സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാനും, ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയും ബന്ധപ്പെട്ട എല്ലാ വകുപ്പ് സെക്രട്ടറിമാരുമായും വിശദമായ ചർച്ച നടത്തി പദ്ധതികൾ പ്രാവർത്തികമാക്കാനുള്ള നിർദ്ദേശങ്ങളും ശുപാർശയും നൽകുന്നതാണ്.

## റവന്യൂ കമ്മി നികത്തുന്നതിന് സാമ്പത്തിക സഹായം

63 (1461) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത മൂന്ന് സാമ്പത്തിക വർഷത്തേക്ക് സംസ്ഥാനത്തിന്റെ റവന്യൂ കമ്മി നികത്തുന്നതിന് സാമ്പത്തിക സഹായം നൽകാൻ കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഇതിന്റെ ഭാഗമായി പതിനാലാം ധനകാര്യ കമ്മീഷൻ എന്തെല്ലാം വ്യവസ്ഥകൾ ശിപാർശ ചെയ്തിട്ടുണ്ട് ; വിശദമാക്കാമോ ;

(സി) സാമ്പത്തിക സഹായം ലഭിക്കുന്നതിലേക്കുള്ള എല്ലാ നിബന്ധനയും സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; നിബന്ധനകൾ വിശദമാക്കാമോ ;

(ഡി) ഇത് സംബന്ധമായി കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിച്ച കത്തുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) അടുത്ത മൂന്ന് സാമ്പത്തിക വർഷത്തേക്ക് സംസ്ഥാനത്തെ റവന്യൂ കമ്മി നികത്തുന്നതിനുള്ള ഗ്രാന്റ് സംബന്ധിച്ച് പതിനാലാം ധനകാര്യ കമ്മീഷൻ ശിപാർശ കേന്ദ്ര സർക്കാർ തത്ത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്.

(ബി) റവന്യൂ കമ്മി നികത്തുന്നതിനുള്ള ഗ്രാന്റ് ലഭിക്കുന്നതിന് പതിനാലാം ധനകാര്യ കമ്മീഷൻ പ്രത്യേക വ്യവസ്ഥകൾ ശിപാർശ ചെയ്തിട്ടില്ല. എന്നാൽ പ്രസ്തുത ശിപാർശ കേന്ദ്ര ഗവൺമെന്റ് തത്വത്തിൽ മാത്രമേ അംഗീകരിച്ചിട്ടുള്ളൂ കൂടാതെ സംസ്ഥാനത്തിന്റെ റവന്യൂ വർദ്ധനവിനും ധനദൃഢീകരണ നടപടികൾക്കും അനുസരിച്ചായിരിക്കും പ്രസ്തുത ഗ്രാന്റ് അനുവദിക്കുകയെന്നും കേന്ദ്ര ഗവൺമെന്റ് നടപടി റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്.

(സി) റവന്യൂ കമ്മി ഗ്രാന്റിന്റെ വ്യവസ്ഥകൾ സംബന്ധിച്ച മാർഗ്ഗരേഖ ഇതുവരെ കേന്ദ്ര ഗവൺമെന്റ് പുറപ്പെടുവിച്ചിട്ടില്ല. ഇത് ലഭിക്കുന്ന മുറയ്ക്ക് മാത്രമേ ഇതുസംബന്ധിച്ച സംസ്ഥാന നിലപാട് വ്യക്തമാക്കാൻ കഴിയൂ.

(ഡി) സി പിരിവിലെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഉദിക്കുന്നില്ല.

## വാർഷിക പദ്ധതി നടത്തിപ്പിന്റെ പുരോഗതി

64 (1462) ശ്രീ. ജി. സുധാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതി നടത്തിപ്പിന്റെ പുരോഗതി ആസൂത്രണ ബോർഡ് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ലഭ്യമായ വിവരങ്ങൾ നല്കുമോ ;

(ബി) 2014-15 വർഷത്തെ ബഡ്ജറ്റിൽ ഫെബ്രുവരി 28 വരെ ഓരോ വകുപ്പിനും വകയിരുത്തിയ തുകയും ചിലവഴിച്ച തുകയും, വകയിരുത്തിയ തുകയുടെ എത്ര ശതമാനമാണ് ഓരോ വകുപ്പും ചിലവഴിച്ചതെന്നും വിശദമാക്കാമോ ;

(സി) തദ്ദേശസ്ഥാപനങ്ങൾക്ക് ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട ആകെ തുക എത്രയായിരുന്നു ; എത്ര ശതമാനം തുക 2015 ഫെബ്രുവരി 28 വരെ തദ്ദേശ സ്ഥാപനങ്ങൾക്ക് നൽകുകയുണ്ടായി ; ഇതിൽ ചെലവഴിക്കപ്പെട്ട തുക എത്ര ; ശതമാനം എത്ര ;

(ഡി) സാമ്പത്തിക വർഷം അവസാനിക്കാറായത് കണക്കിലെടുത്ത് പദ്ധതി നിർവ്വഹണം ഊർജ്ജിതപ്പെടുത്താൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly